9 -ാം വർഷം
2025
ജൂലൈ 06
ശ്ലീഹാ അഞ്ചാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# ഒരു തൂവൽ പോലങ്ങനെ...

നിയ: 1/33-46, ഏശയ്യ: 1/21-31, 1 കൊറി: 14/1-12, ലൂക്കാ: 12/22-34

### അവൻ അങ്ങനെയാണ്

സ്നേഹം വിതച്ച് നടക്കുന്നൊരുവൻ. ഒരുപക്ഷേ അന്നോളം ആരും കണ്ടിട്ടില്ലാത്ത തരത്തിൽ ചിരിച്ച് സംസാരിയ്ക്കുന്നൊരാൾ. കുഞ്ഞുങ്ങളോടൊപ്പം കളിച്ചു നടക്കുന്നവൻ. ഒരു തോൾസഞ്ചി പോലുമില്ലാതെ, ഇരു കൈകളും വീശി, നഗ്നപാദനായി പുഞ്ചിരിച്ച് നടന്നുപോയവൻ. എത്രയെത്ര അലിവുള്ള കണ്ണുകൾ അവന്റെ ഈ നിഷ്കളങ്കത നോക്കി നിന്നിട്ടുണ്ടാവാം. അവന്റെ കരുണയെപ്പറ്റി അടക്കം പറഞ്ഞിട്ടുണ്ടാവാം. നല്ല മനുഷ്യരെപ്പറ്റി ഒരുപാട് പേരൊന്നും ഒരുകാലത്തും നല്ലതൊന്നും പറഞ്ഞിട്ടുണ്ടാവാൻ ഇടയില്ല. ഒരുവേള, പറഞ്ഞാലും മനുഷ്യനെ മുൻവിധിയില്ലാതെ കാണാൻ കഴിയാത്തൊരു സമൂഹത്തിൽ ഇതൊക്കെ ആര് ശ്രദ്ധിയ്ക്കാൻ. നിയമങ്ങൾകൊണ്ട് നൂലാമാലകൾ തീർത്തൊരു 'വിശുദ്ധ' സമൂഹത്തിൽ, ഒരാളോടും പ്രത്യേക പരിഭവമോ പരിഗണനയോ ഇല്ലാതെ, എന്നാൽ എല്ലാരോടും കുശലം ചോദിച്ച്, എല്ലാരെയും ഒരുപോലെ കണ്ടങ്ങനെ നടന്നു നീങ്ങിയൊരാൾ... 'ഇവൻ ആരാണെ'ന്ന് പലരും പലവട്ടം സ്വയം ചോദിച്ചു കഴിഞ്ഞിട്ടുണ്ടാവണം!. ആ ചോദ്യം



സനു തെറ്റയിൽ, മേക്കാട്

ഉറക്കെ ചോദിയ്ക്കാൻ അല്പം വൈകിയതാവാം. 'തച്ചന്റെ മകനെ'ന്ന് ഉത്തരം കിട്ടാൻ മാത്രം അവൻ അതുവരെ ആരോടും സ്വർഗരാജ്യത്തേക്കുറിച്ച് പറഞ്ഞിട്ടുണ്ടാവാനിടയില്ല. മുപ്പത് വർഷം പറഞ്ഞത് മുഴുവൻ സ്നേഹത്തെക്കുറിച്ച് മാത്രമായിരിക്കണം! അവൻ ഹൃദയങ്ങൾ കീഴടക്കാൻ വന്നവനാണ്. അവന്റെ നിക്ഷേപം അവരുടെ ഹൃദയങ്ങളിലല്ലാതെ മറ്റെവിടെയാണ്! തനിയ്ക്കായ് ഒന്നും കരുതിവയ്ക്കാതെ ഒരു തൂവൽ കണക്കെ, നാട് ചുറ്റി സ്നേഹം വിതച്ചവനെ മറ്റെന്ത് പേരിട്ട് വിളിക്കാൻ, 'സ്നേഹം' എന്നല്ലാതെ!

വെറും മൂന്ന് വർഷങ്ങൾ കൊണ്ട് വിശ്വഗുരുവായി തീർന്നവനല്ല ക്രിസ്തു. അതിനവൻ ഒരുങ്ങിയത് മുപ്പത് വർഷങ്ങളാണ്. ഒരൊറ്റ ലക്ഷ്യത്തിൽ ശ്രദ്ധിച്ച്... ആ സൂത്രവാക്യമാണ് സ്നേഹം.

'മാർഗ്ഗമേതായാലും ലക്ഷ്യമാണ് പ്രധാനം' എന്ന തത്വത്തിൽ നിന്നും വ്യത്യസ്തമായി 'മാർഗ്ഗവും ലക്ഷ്യവും ഒന്നാണെ'ന്ന് പഠിപ്പിച്ചവനാണവൻ. സ്നേഹമെന്ന ലക്ഷ്യത്തിലേയ്ക്ക് സ്നേഹമെന്ന വഴിയല്ലാതെ വേറെന്തുണ്ട്? നസ്രായനേക്കുറിച്ചോർക്കുമ്പോൾ തോന്നുന്നതിങ്ങനെയൊക്കെയാണ്.

## ഒരു വൈകുന്നേരം

അന്ന് വൈകുന്നേരം ഒറ്റയ്ക്ക് നടക്കുകയായിരുന്നു, ഞാൻ. എന്തൊക്കെയോ ചിന്തിച്ചങ്ങനെ കുറെ നടന്നു. പെട്ടെന്ന് എനിക്ക് തികച്ചും അപരിചിതനായൊരാൾ കൂടെക്കൂടി. കുശലം പറഞ്ഞും പരിചയപ്പെട്ടും പതിയെ ഞങ്ങൾ കൂട്ടുകാരായി. നല്ലവണ്ണം സംസാരിയ്ക്കുന്നൊരാൾ! നേരത്തെ കണ്ടുമുട്ടേണ്ടിയിരുന്നു എന്ന് തോന്നിപ്പോയി. പരിചയപ്പെട്ടപ്പോഴാണ് അറിയുന്നത്, എന്റെ വീട്ടുകാരെ പലരെയും അയാൾക്കറിയാം. അവരെക്കുറിച്ചൊക്കെ വ്യക്തമായ ധാരണയുള്ള അയാൾ വീട്ടിലെ കാര്യങ്ങൾ ഓരോന്നായി തിരക്കി. വീട്ടിലെ കാര്യങ്ങളും നാട്ടിലെ കാര്യങ്ങളും കടന്ന് ഈ ദിവസങ്ങളിലെ പത്രവാർത്തകളിലേയ്ക്ക് കടന്നു. കേരളത്തിലെ എൻ എച്ചിന്റെ പാകപ്പിഴകൾ, നിലമ്പൂർ തിരഞ്ഞെടുപ്പ്, കേന്ദ്രത്തിലെ എന്നല്ല, പഞ്ചായത്തിലെ വരെ ഭരണവും ചർച്ചാ വിഷയമായി. അങ്ങനെ മനുഷ്യന്റെ ആർത്തികളിലേയ്ക്കും ആർഭാടങ്ങളിലേയ്ക്കും

ഹൃദയശൂന്യമായ പൊള്ളത്തരങ്ങളിലേയ്ക്കുമൊക്കെ ചർച്ചകൾ നീണ്ടുപോയി.

## നീളുന്ന ചർച്ചകൾ ക്കൊടുവിൽ

സംസാരിച്ച് ഒരുപാട് കാടുകയറുന്നു എന്ന് തോന്നിയപ്പോ ഞാൻ വീട്ടിലെ കുറച്ച് പ്രശ്നങ്ങൾ പറഞ്ഞ് തടിയൂരാൻ നോക്കി. സംസാരം മതിയാക്കാൻ വേണ്ടിത്തന്നെയാണ്. തിരിച്ചങ്ങോട്ട്, നടന്ന് തന്നെ വീട്ടിൽ എത്തണമല്ലോ! അതിനും അയാൾക്ക് മറുപടിയുണ്ടായിരുന്നു. അയാൾ പറഞ്ഞതിങ്ങനെയാണ്: ' പ്രശ്നങ്ങളൊക്കെ എല്ലാർക്കുമില്ലേ സുഹൃത്തേ... നമ്മുടെയൊക്കെ ആശ്രയം പരമമായ സത്യത്തിലല്ലേ...

ദൈവത്തിൽ ആശ്രയിക്കുമ്പോ, അവിടുത്തേക്ക് എല്ലാം അർപ്പിച്ചു കഴിയുമ്പോ കിട്ടുന്നൊരു സുഖമുണ്ട്... അവിടുത്തെ പരിപാലന അനുഭവിച്ചിട്ടുണ്ടോ? എല്ലാം വിട്ടുകൊടുത്ത് നിന്നെത്തന്നെ, കുടുംബത്തെ, ജോലിയെ അവനിൽ ഏൽപ്പിയ്ക്ക്... പിന്നെ കിട്ടുന്നൊരു

അനുഭൂതിയുണ്ട്... ഒരു തൂവൽ പോലങ്ങനെ... നീ കുറച്ചുമുമ്പ് ചിന്തിച്ച കുറെ കാര്യങ്ങളില്ലേ... അവന്റെ പരസ്യ ജീവിതത്തെക്കുറിച്ച്, അതിന് വേണ്ടിയുള്ള മുപ്പത് വർഷത്തെ അധ്വാനത്തേക്കുറിച്ച്... ഒന്ന് ചിന്തിച്ചാൽ നിനക്കും മനസ്സിലാവും

സ്നേഹമാണ് മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും അവസാനം. അതാണ് ഒരു ക്രിസ്ത്യാനിയുടെ കാതൽ! അന്നും ഇന്നും എന്നും'

അതിന് ശേഷം അയാൾ എനിക്കൊരു പുസ്തകം നിവർത്തി തന്നു. അതിൽ ഇങ്ങനെ എഴുതിയിട്ടുണ്ടായിരുന്നു.

ലൂക്കാ - 24/31: 'അപ്പോൾ അവരുടെ കണ്ണ് തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ അവൻ അവരുടെ മുന്നിൽ നിന്ന് അപ്രത്യക്ഷനായി.'

(ബാക് ഗ്രൗണ്ടിൽ ഭാര്യയുടെ സംഭാഷണം ഞാൻ കേട്ടതിങ്ങനെയാണ്... 'ഈ മനുഷ്യനിതെന്താ പറ്റിയത്? നടക്കാൻ പോയപ്പോ മുതൽ ഞാൻ ശ്രദ്ധിയ്ക്കുന്നതാ. ഇതിപ്പോ പ്രാർത്ഥനയും സുവിശേഷവായനയും കഴിഞ്ഞിട്ടും ഒരനക്കവുമില്ലാതെ ഇരിപ്പുണ്ടല്ലോ ഇതെന്ത് പലവിചാരമാണ് ദൈവമേ...' ഞാൻ ചിന്തിച്ചു: പാവം പെണ്ണ്... പലവിചാരമല്ല, 'ഏകവിചാര'മായിരുന്നെന്ന് ആരോട് പറയാൻ...

ശ്രദ്ധിയ്ക്കുക: അവൻ നടക്കാറുള്ളത് എമ്മാവൂസിലേയ്ക്കുള്ള വഴിയിൽ മാത്രമല്ല.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com